I/100381/2022

**ഫയൽ നം : ജി2/69/2022-റ്റിസി** **തിയതി : 12-12-2022**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം.10/2022**

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** – വീട്ടും, മറ്റ് വിലപിടിപ്പുള്ള വസ്തുവകകളും, സ്ഥാവര/ജംഗമ വസ്തുക്കളും വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള അപേക്ഷ – സംബന്ധിച്ച്

സൂചന :-

സ്ഥാവര/ജംഗമ സ്വത്തുക്കൾ വാങ്ങുവാനോ വിൽക്കുവാനോ അല്ലെങ്കിൽ മറ്റ വിധത്തിൽ കയ്യൊഴിയുവാനോ ഉദ്ദേശിക്കുന്ന ഏതൊരു സർക്കാർ ജീവനക്കാരനും, തന്റെ ആ ഉദ്ദേശം സർക്കാരിനോട് പ്രസ്താവിക്കേണ്ടതാണെന്ന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ ചട്ടം 24-ലും യാതൊരു സർക്കാർ ജീവനക്കാരനും, ഉത്തമവിശ്വാസത്തിൽ താമസാവശ്യത്തിനല്ലാതെ, ഇന്ത്യയിലൊരിടത്തും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ, ഏതെങ്കിലും സ്ഥാവര വസ്തു വിലയ്ക്ക് വാങ്ങലിലൂടെയോ ദാനം മുഖേനയോ ആർജ്ജിക്കുവാൻ പാടില്ലാത്തതാണെന്ന് ചട്ടം 26-ലും നിഷ്കർഷിക്കുന്നുണ്ട്.

നിലവിൽ, വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരത്തിൽ അനുമതി ലഭിക്കുന്നതിനായി അപൂർ ണ്ണവും, അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്യാതെയുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ വീട്ടും, മറ്റ് വിലപിടിപ്പുള്ള വസ്തുവകകളും, സ്ഥാവര/ജംഗമ വസ്തുവും വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള അപേക്ഷകൾ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ചട്ടം 24, 25, 26 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനായുള്ള അപേക്ഷയോടൊപ്പം ഏത് വാഹനമാണെന്നും ആയതിന്റെ വില ഉൾക്കൊള്ളുന്ന രേഖകളും വാഹനം വാങ്ങുന്നതിനുള്ള സാമ്പത്തിക സ്രോതസിനെ സാധൂകരിക്കുന്നതിനുള്ള രേഖകളും, വസ്തു വാങ്ങുന്നതിന് അനുമതി ലഭിക്കുന്നതിനായുള്ള അപേക്ഷയോടൊപ്പം വസ്തു സ്ഥിതി ചെയ്യുന്ന സ്ഥലം, വസ്തുവിന്റെ വില എന്നിവ ഉൾക്കൊള്ളുന്ന രേഖകളും, വസ്തു വാങ്ങുന്നതിനുള്ള സാമ്പത്തിക സ്രോതസിനെ സാധൂകരിക്കുന്നതിനുള്ള രേഖകളും സമർപ്പിക്കേണ്ടതാണ്.

ജീവനക്കാരൻ സ്വന്തം പേരിൽ ആദ്യമായിട്ടാണ് വീട് നിർമ്മിക്കുന്നതെങ്കിൽ ആയതിന് സർക്കാർ അനുമതി ആവശ്യമില്ല. എന്നാൽ സ്വന്തം പേരിൽ നേരത്തെ തന്നെ വീട് ഉണ്ടായിരിക്കുകയും, വീണ്ടുമൊരു വീട് കൂടി വാങ്ങുകയോ നിർമ്മിക്കുകയോ ചെയ്യുകയാണെങ്കിൽ സർക്കാർ അനുമതി ആവശ്യമാണ് എന്ന വിവരം അറിയിക്കുന്നു.

I/100381/2022

Signed by
S Sreejith I P S
Date: 12-12-2022 13:38:57

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
5. ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലാ ഓഫീസർ എന്നിവരുടെ സി.എ-മാർക്കും, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും, അസിസ്റ്റന്റ് സെക്രട്ടറി, എസ്.റ്റി.എ-യ്ക്കും, അക്കൌണ്ട്സ് ഓഫീസറിനും, നോഡൽ ഓഫീസർ, എസ്.എസ്.ജി-യ്ക്കും, എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും